ശ്രേയ: സ്രുതിം ഭക്തി മുദസ്യ തേ വിഭോ ക്ലിശ്യന്തി യേ കേവലബോധലബ്ധയേ
തേഷാമസൌ ക്ലേശല ഏവ ശിഷ്യതേ നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം (10-14-4)
തദ്ഭുരിഭാഗ്യമിഹ ജന്മ കിമപ്യടവ്യാം
യദ്ഗോകുലേ*f*പി കതമാങ്ഘ്രി രജോ*f*ഭിഷേകം
യജ്ജീവിതം തു നിഖിലം ഭഗവാൻ മുകുന്ദ
സ്ത്വദ്യാപി യത്പദരജ: ശ്രുതി മൃഗ്യമേവ (10-14-34)

*ബ്രഹ്മാവ് പറഞ്ഞു:*
ഞാൻ അങ്ങയെ നമസ്കരിക്കുന്നു പ്രഭോ. മൃദുലപാദങ്ങളോടെ ഒരു കയ്യിൽ വടിയും ഓടക്കുഴലും പിടിച്ച് മറ്റേ കയ്യിൽ ചോറുരുളയും വച്ചു നിൽക്കുന്ന അവിടുത്തെ രൂപത്തെ ഞാൻ നമിക്കുന്നു. അവിടുത്തെ മഹിമയെ വർണ്ണിക്കാൻ എനിക്കാവില്ല തന്നെ. അവിടുത്തെ പൊരുളറിയുന്നവൻ അങ്ങയിൽമാത്രം പരമഭക്തിയുള്ളവനത്രെ. പലേ ആത്മീയമാർഗ്ഗങ്ങളിൽ വിഹരിച്ച് അവിടുത്തോടുള്ള ഭക്തിയെ അവഗണിക്കുന്നവർ വൈക്കോൽ മെതിക്കുന്നതു പോലെ വിഫലപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. ഭക്തിയാകട്ടെ പല മടങ്ങ് അനുഗ്രഹദായകമത്രെ. അവിടുത്തെ ഭക്തന് അങ്ങ് അതീന്ദ്രിയമായ പ്രഭാവത്തെ കാണിച്ചു കൊടുക്കുന്നു. നാമരൂപനിബദ്ധമല്ലാത്തതത്രേ അവിടുത്തെ പൊരുൾ. ആവശ്യപ്പെടാതെ തന്നെ ഭക്തന് മുക്തിപദം ലഭിക്കുന്നു.

അഹങ്കാരത്തെ വെല്ലാൻ ഭക്തിക്കു മാത്രമെ സാധിക്കൂ. അവിടുത്തെ മോഹിപ്പിക്കാൻ ശ്രമിച്ച ഞാൻ എത്ര വിഡ്ഢി. ഞാൻ ഈ ഭൂഗോളത്തെ നിയന്ത്രിക്കാൻ കടമപ്പെട്ട വെറുമൊരു ഭൂതസംഗ്രഹശരീരം മാത്രം. അങ്ങോ അവിടുത്തെ ശരീരത്തിലെ രോമകൂപങ്ങളിൽനിന്നും അനേകമനേകം ഭൂഗോളങ്ങൾ അണുക്കൾപോലെ നിരന്തരം കടന്നുപോകുന്നു. അവിടുന്ന് എല്ലാത്തിൻേറയും പരമാത്മാവായ നാരായണനത്രെ. (നര എന്നാൽ ജീവികളുടെ കൂട്ടം. അയനം എന്നാൽ ആത്മാവ്). അവിടുന്ന് നിയന്താവത്രെ (അയനം എന്നാൽ പ്രേരകൻ എന്നും അർത്ഥം). അവിടുന്നു തന്നെ സാക്ഷിയും (അയതേ എന്നാൽ അറിയുന്നു). അവിടുന്ന് നരൻെറ വസ്തുക്കളിൽ നിവസിക്കുന്നതു കൊണ്ട് നാരായണൻ. എന്നാൽ ഇവയെല്ലാം പരമസത്യമല്ല തന്നെ. ഇവയൊക്കെ അവിടുത്തെ വെറുമൊരു ലീലമാത്രം. എനിക്കുതന്നെ അവിടുന്നു സ്വയം വെളിപ്പെടുത്തിയപ്പോഴല്ലാതെ അവിടുത്തെ നാരായണനായി സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞില്ല.. എന്നാൽ അങ്ങ് അമ്മ യശോദക്ക് അവിടുത്തെ വായ്ക്കുള്ളിൽ വിശ്വം മുഴുവൻ കാണിച്ചു കൊടുത്തു. ആദ്യമേ തന്നെ അവിടുന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ പൈക്കുട്ടികളെയും ഗോപബാലൻമാരെയും ഒളിപ്പിച്ചപ്പോഴും അവിടുന്നു തന്നെയാണ് അവരെല്ലാമായിരുന്നത്. ഇപ്പോഴും അവിടുന്നുമാത്രമേയുള്ളൂ. എല്ലാ സമയത്തും അവിടുന്നു മാത്രമേ നിലനിൽക്കുന്നുള്ളൂ. വിശ്വം പ്രകടിതമാണെങ്കിലും അല്ലെങ്കിലും. അവിടുത്തെ മായാശക്തിയാൽ അവിടുന്നു തന്നെയാണ് എല്ലാ ദേവതകളായും നിലകൊള്ളുന്നത്. അവിടുന്ന് സ്വയം ദിവ്യൻമാരായും മനുഷ്യരായും ഉപമനുഷ്യരായും അവതരിക്കുന്നു. ഈ മായാവിശ്വം സത്യമായി തോന്നുന്നത് അത് അവിടുത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടും അവതാരങ്ങൾ അങ്ങിൽ സംഭവിക്കുന്നതുകൊണ്ടുമത്രെ. ബന്ധവും മുക്തിയുമെല്ലാം വെറും വാക്കുകളാണ്. ഇരുട്ടും വെളിച്ചവും സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നതു പോലെയത്രെ അത്.

അതുകൊണ്ട് ഭഗവനേ ഈ ജൻമത്തിലും വരും ജൻമങ്ങളിലും അങ്ങിൽ പരമഭക്തിയുണ്ടാവാൻ അനുഗ്രഹിച്ചാലും. ഞാനീ ഗോകുലത്തിൽ ഏതൊരു ജീവിയായും ജനിക്കാനിടവരട്ടെ. അങ്ങിനെ അവിടുത്തെ പാദരേണുക്കളിൽ എനിക്കു മുങ്ങാനിടവരട്ടെ. അവിടുത്തെ അറിയാം എന്നു പറയുന്നവർ അങ്ങിനെ പറഞ്ഞു കൊള്ളട്ടെ. എന്നാൽ അവിടുന്ന് മനോവാക്കുകൾക്കതീതനാണെന്ന് എനിക്കറിയാം.

ബ്രഹ്മദേവൻ കൃഷ്ണനോട് യാത്രപറഞ്ഞ് പോയി. കൃഷ്ണൻ യമുനാതീരത്ത് തൻെറ കൂട്ടുകാർ വനഭോജനം നടത്തുന്നയിടത്തു ചെന്നു. എല്ലാവരും സമ്മോഹിതാവസ്ഥയിൽ നിന്നുണർന്നു. അന്ന് വൈകുന്നേരം കൂട്ടുകാർ ഗ്രാമത്തിൽ തിരിച്ചു ചെന്ന് കൃഷ്ണൻ വലിയൊരു സർപ്പത്തെ കൊന്നുവെന്ന വാർത്ത എല്ലാവരേയും അറിയിച്ചു.